പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1198

13.12.2012 ലെ മറുപടിയ്ക്ക്

## നെല്ലിയാമ്പതിയിലെ പാട്ടഭൂമി

ചോദ്യം

ഡോ.ടി.എം.തോമസ് ഐസക്

ഉത്തരം
ശ്രീ. അടൂർ പ്രകാശ്
((റവന്യൂവും കയറും വകുപ്പ് മന്ത്രി )

| | | | |
|---|---|---|---|
| എ) | നെല്ലിയാമ്പതിയിലെ പാട്ടഭൂമിയെ സംബന്ധിച്ച് റവന്യു വകുപ്പ് ഏറ്റവും ഒടുവിൽ നടത്തിയ അന്വേഷണം എപ്പോഴായിരുന്നു; | എ) | നെല്ലിയാമ്പതിയിലെ മിന്നാംപാറ എസ്റ്റേറ്റുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈകോടതയിലെ ഡബ്ളിയു പിസി 1951/2010 എന്ന കേസുമായി ബന്ധപ്പെട്ട നിർദ്ദേശപ്രകാരം ടി എസ്റ്റേറ്റിൽ 28.7.2011-ന് സംയുക്ത പരിശോധന നടത്തി. |
| ബി) | അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ: അതിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ; | ബി) | ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| സി) | പ്രസ്തുത റിപ്പോർട്ടിന്മേൽ റവന്യു വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | സി) | കോടതി ആവശ്യപ്പെട്ടതിനെത്തുടർന്നാണ് ടി സംയുക്തപരിശോധന നടത്തുകയും ടി റിപ്പോർട്ട് വനം വകുപ്പ് സ്പെഷ്യൽ ഗവൺമെന്റ് പ്ളീഡർക്കും തുടർന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലും സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

ബി2-6839/87

താലൂക്കാഫീസ്, ചിറ്റൂർ
തീയതി 2.1.2012

പ്രേഷിതൻ

തഹസിൽദാർ
ചിറ്റൂർ

സ്വീകർത്താവ്

ജില്ലാ കളക്ടർ
പാലക്കാട്

സർ,

വിഷയം - മിന്നാമ്പാറ എസ്റ്റേറ്റ് - നെല്ലിയാമ്പതി പ്ലാന്റേഷൻ സ്ഥല പരിശോധന റിപ്പോർട്ട് സമർപ്പിച്ചതിലെ അപാകത - വിശദീകരണം സംബന്ധിച്ച്

സൂചന:- അങ്ങയുടെ 16.12.2011 ലെ എൽ.ആർ.ജി.5 2010/18389/9-ാം നമ്പർ കത്ത്.

....

മേൽ സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിച്ചു കൊള്ളുന്നു. സൂചന കത്ത് 28.12.2011 നാണ് ഈ ഓഫീസിൽ ലഭിച്ചിട്ടുള്ളത്. മിന്നാമ്പാറ എസ്റ്റേറ്റ് ഫയർ വെസ്റ്റ കേസുമായി ബന്ധപ്പെട്ട് റിക്കാർഡുകൾ പരിശോധിക്കുന്നതിനും ടി.എ. ജോസഫ് പ്രോപ്പർട്ടി കണ്ടെത്തുന്നതിനുമായി നെന്മാറ ഡിവിഷൻ ഫോറസ്റ്റ് ഓഫീസർക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ ചെയ്തു നൽകുന്നതിന് അഡീഷണൽ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചിരിക്കുന്നതായി നമ്പർ എൽ.ആർ.ജി.5-2010/18389/9 തിയതി [?].3.2011 കത്ത് പ്രകാരം അങ്ങയുടെ ഓഫീസിൽ നിന്നും നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സംയുക്ത പരിശോധന നടത്തേണ്ടതുണ്ട് എന്നും ആയതിനുള്ള തയ്യാറെടുപ്പുകൾ നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്ന് ഡിവിഷൻ ഫോറസ്റ്റ് ഓഫീസറുടെ 1.6.2011 ലെ ബി2-6632/03 നമ്പർ കത്തിൽ ആവശ്യപ്പെട്ടിരുന്നു. ആയതു പ്രകാരം 28.7.2011 ന് താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്ന ടി. ഫീൽഡ് പരിശോധന നടത്തിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നുണ്ട്.

1. കെ.എൻ.രാധാകൃഷ്ണൻ, ജൂനിയർ സൂപ്രണ്ട്, ചിറ്റൂർ താലൂക്ക്
2. സുർജിത്ത്.എം.കെ., റേഞ്ച് ഓഫീസർ, കൊല്ലങ്കോട്
3. ഫ്രാങ്ക്ളിൻ ജോർജ്, താലൂക്ക് സർവെയർ
4. ബിനു.എം. ഡിവിഷൻ സർവെയർ, നെന്മാറ, ഡിവിഷൻ ഫോറസ്റ്റ് ഓഫീസ്.

....2

5. മഹേഷ്, ഫസ്റ്റ് ഗ്രേഡ് സർവെയർ, എച്ച്.എം.എൽ. കോഴിക്കോട്
6. ഇ.ചന്ദ്രൻ.ആർ. ഫോറസ്റ്റർ, താമട.ഒ.പി.
7. ടി.സുനിൽ, വില്ലേജ് ഓഫീസർ, നെല്ലിപ്പൊയിൽ

പ്രസ്തുത റിപ്പോർട്ടിൽ "ഒ.എ. ഷെഡ്യൂൾ കോപ്പിയും, കോടതിയിൽ നിന്നും ലഭ്യമായ സ്കെച്ചും, അസിസ്റ്റന്റ് ഡയറക്ടർ, റീ സർവെ ഓഫീസിൽ നിന്നും ലഭ്യമാവുന്ന ബ്ലോക്ക് മാപ്പുകളും പരിശോധിച്ച് വിശദമായ ഒരു റിപ്പോർട്ട് റവന്യൂ വിഭാഗം, വനം വകുപ്പ് എന്നിവ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകാമെന്ന് ധാരണയായി" എന്നു രേഖപ്പെടുത്തി മേൽ കാണിച്ച ഉദ്യോഗസ്ഥർ ഒപ്പിട്ടുള്ളതായി കാണുന്നുണ്ട്.

റവന്യൂ ഡിവിഷണൽ ഓഫീസറുടെ 13.9.2011 ലെ സി-2296/11-ാം നമ്പർ കത്ത് പ്രകാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ജില്ലാ സർവെ സൂപ്രണ്ട്, തഹസിൽദാർ എന്നിവരെ ഉൾപ്പെടുത്തി 14.9.2011 ന് റവന്യൂ ഡിവിഷണൽ ഓഫീസർ ഒരു യോഗം വിളിച്ചു ചേർത്തിരുന്നു. പ്രസ്തുത യോഗ തീരുമാന പ്രകാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നിർദ്ദേശാനുസരണം ഫോറസ്റ്റ് സർവെയർ പക്ഷേ താലൂക്ക് സർവെയറുമായി ഫോണിൽ ബന്ധപ്പെട്ട് സംയുക്ത പരിശോധന വേളയിൽ നിർദ്ദേശിച്ച പ്രകാരമുള്ള റിപ്പോർട്ട് ഉടൻ തയ്യാറാക്കി തഹസിൽദാർക്ക് സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് സർവെയർ 16.9.2011 ന് റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കും ജില്ലാ കളക്ടർക്കും റവന്യൂ ഡിവിഷണൽ ഓഫീസർക്കും റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

എന്നാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 29.9.2011 ലെ ഇ2-6632/03-ാം നമ്പർ കത്തിൽ മേൽ സമർപ്പിച്ച റിപ്പോർട്ടിൽ "ഒ.എ. കേസിൽ പറയുന്ന സ്ഥലവും ഇപ്പോൾ സ്വകാര്യ വ്യക്തി കൈവശം വെക്കുന്ന സ്ഥലവും തമ്മിൽ വ്യത്യാസപ്പെട്ടു കിടക്കുന്ന വിവരം കാണിക്കാത്തതും, സ്വകാര്യ വ്യക്തിക്ക് അനുകൂലമായതും സർക്കാർ താൽപര്യം സംരക്ഷിക്കാത്തതുമാണ് എന്നും ഇക്കാര്യത്തിൽ വ്യക്തിപരമായ ശ്രദ്ധ ചെലുത്തി ആവശ്യമായ റിപ്പോർട്ട് താങ്കൾ ഉടനെ നൽകിയില്ലെങ്കിൽ ഇക്കാര്യം ബഹുമാനപ്പെട്ട ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്യുന്നതാണെന്ന കാര്യം കൂടി അറിയിക്കുന്നു" എന്ന് കാണിച്ച് കത്ത് നൽകിയിരുന്നു.

താലൂക്ക് സർവെയർ 15.9.2011 ന് സമർപ്പിച്ച റിപ്പോർട്ടിലെ അവസാന ഭാഗം "ഒ.എ. ഷെഡ്യൂൾ പ്രകാരം കക്ഷികൾ അവകാശപ്പെടുന്ന സ്ഥലം

മുതലമട അൺസർവെഡ് ലാന്റ് ആണെന്നും പഴയ പട്ടച്ചൂർ വില്ലേജിലെ സർവെ പൂർത്തിയാകാത്ത (സ.നം.) 494 ആണെന്നും ടി സ.നം.494 ന്റെ റീ.സ.നമ്പരാണ് നെല്ലിയാമ്പതി വില്ലേജ് ബ്ലോക്ക് 10 റീ.സ.നം.3 എന്നും ടി സർവെ നമ്പരിൽ കെ.എ.ഷൈജുവിന്റെ പ്രോപ്പർട്ടിയിൽ നിക്ഷിപ്ത സ്ഥലം വരുന്നില്ല എന്നും 16.9.2011 ന് ഈ ഓഫീസിൽ നിന്നും സമർപ്പിച്ച റിപ്പോർട്ടിൽ വന്നു പോയതിനാലാണ് കെ.എ. ഷൈജുവിന്റെ ഉൾപ്പെട്ട സ്ഥലം നെല്ലിയാമ്പതി വില്ലേജിൽ ഉൾപ്പെട്ടു വരുന്നു എന്ന പ്രതീതി ഉളവാക്കിയത്. എന്നാൽ 29.9.2011 ലെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കത്ത് ലഭിച്ച സാഹചര്യത്തിൽ ഫയൽ പരിശോധിച്ച വേളയിൽ ആയത് ശ്രദ്ധയിൽപെട്ടപ്പോൾ പ്രസ്തുത റിപ്പോർട്ട് (ആയത് 16.9.2011 ലെ) റദ്ദ് ചെയ്ത് 14.10.2011 ന് റിപ്പോർട്ട് സമർപ്പിക്കുകയാണുണ്ടായത്.

ഇതിനിടയിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കത്തിന്റെ അടിസ്ഥാനത്തിൽ ഒന്നു കൂടി സ്ഥലം പരിശോധിച്ച് വ്യക്തമായ റിപ്പോർട്ട് സമർപ്പിക്കാൻ താലൂക്ക് സർവെയർക്ക് 30.9.2011 ന് നിർദ്ദേശം നൽകിയതിനാൽ ടിയാൻ റിപ്പോർട്ട് സമർപ്പിക്കുകയും ടി റിപ്പോർട്ടിൽ കെ.എ. ഷൈജുവിന്റെ പ്രോപ്പർട്ടിയിൽ പറയുന്ന നാലതിരുകൾ നിലവിലെ നെല്ലിയാമ്പതി വില്ലേജിലെ ബ്ലോക്ക് 10 സ.നം.3 ൽ യോജിച്ചു വരുന്നു. എന്നും ടി സർവെ നമ്പരിന്റെ മുൻ റിക്കാർഡുകൾ പ്രകാരം പരിശോധിച്ചതിൽ മുൻ സ.നം.494 ആണെന്നും ആയത് പട്ടച്ചൂർ വില്ലേജ്/അംശം എന്നുമാണുള്ളത്, സ.നം.494 കൊല്ലങ്കോട്2 വില്ലേജ് പട്ടച്ചൂർ അംശത്തിൽ നിന്നും 1989 ലെ ജി.ഒ.എം.എസ്.നമ്പർ 246/89 തീയതി, 5.4.1989 പ്രകാരം നെല്ലിയാമ്പതി വില്ലേജിലേക്ക് മാറ്റിയതാണ് മുൻ സ.നം.494, മുൻ സ.നം.494 ഉം റീ.സ.നം.3 ന്റെയും നാലതിരുകൾ താഴെ പറയുന്ന വകയാണ് എന്നും റിപ്പോർട്ടാക്കിയിട്ടുണ്ട്.

| | | |
|---|---|---|
| കിഴക്ക് | : | കുമ്പളക്കോട് കരിമല എസ്റ്റേറ്റ്, മിന്നാംപാറ എസ്റ്റേറ്റും മുതലമട അൺ സർവെഡ് ലാന്റും |
| തെക്ക് | : | കൊല്ലങ്കോട് എസ്റ്റേറ്റ് കൊച്ചിൻ എസ്റ്റേറ്റും |
| പടിഞ്ഞാറ് | : | കുമ്പളക്കുടി എസ്റ്റേറ്റും കഴിഞ്ഞു പുലയൻപാറ എസ്റ്റേറ്റ്, നിലവിൽ കേരള സർക്കാർ ഫ്രൂട്ട് ഫാം |
| വടക്ക് | : | ഊത്തുക്കുഴി എസ്റ്റേറ്റ്, സീതാർകുണ്ട് എസ്റ്റേറ്റ് |

എന്നാൽ മുതലമട അൺ സർവെഡ് ലാന്റിൽ ഈ നാലതിരുകൾ യോജിക്കുന്നില്ല. മുതലമട അൺ സർവെഡ് ലാന്റിന്റെ പടിഞ്ഞാറു ഭാഗം

....4

മുൻ സ.നം.494 ഉം ആണ് വരുന്നത്. ആയതിനാൽ ഒ.എ. ഷെഡ്യൂൾ പ്രകാരം കക്ഷികൾക്ക് അവകാശപ്പെടുന്ന മുതലമട അംസംവർഡ് ലാന്റിൽ ഒ.എ. ഷെഡ്യൂളിലെ നാലതിരുകൾ യോജിക്കുന്നില്ല എന്നും ഒ.എ. ഷെഡ്യൂളിൽ പറയുന്ന നാലതിരുകൾ മുൻ സ.നം.494 പക്കലൂർ വില്ലേജ് ന.1 ലെ നെല്ലിയാമ്പതി ബ്ലോക്ക് 10 സ.നം. 3ൽ ആണെന്നും ഇത് സർവെ ചെയ്ത ഭൂമിയാണെന്നും ഒ.എ. ഷെഡ്യൂളിൽ പറയുന്ന സ്ഥലവും കക്ഷികൾ അവകാശപ്പെടുന്ന സ്ഥലവും രണ്ടാണെന്നും സർവെയർ റിപ്പോർട്ട് ചെയ്തിരുന്നു.

14.10.2011 ന് ലഭിച്ച റിപ്പോർട്ടും പിന്നീട് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 22.11.11 ന് ലഭിച്ച റിപ്പോർട്ടും സംയുക്ത പരിശോധന നടത്തി ഉദ്യോഗസ്ഥർ കണ്ടെത്തിയ കാര്യങ്ങൾ താലൂക്ക് സർവെയർ റിപ്പോർട്ടാക്കി സമർപ്പിച്ചതിനെ ആധാരമാക്കിയാണ് സമർപ്പിക്കാനിടയായത്.

നെല്ലിയാമ്പതിയിലുള്ള വനംവകുപ്പിന്റെ ഓഫീസിൽ വച്ച് വനംവകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ അവർ മുൻകൂട്ടി തയ്യാറാക്കിയുള്ള സംയുക്ത പരിശോധന റിപ്പോർട്ട് എന്ന ധാരണാ പത്രത്തിൽ ഒപ്പിടുവിക്കുകയാണുണ്ടായത്. സംയുക്ത പരിശോധന നടന്നതിന്റെ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ സംയുക്ത പരിശോധന നടത്താൻ ചുമതലപ്പെടുത്തിയ എല്ലാ ഉദ്യോഗസ്ഥരും ഒപ്പിട്ട് റിപ്പോർട്ടാണ് നൽകാറുള്ളത്. എന്നാൽ ഈ വിഷയത്തിൽ സംയുക്ത പരിശോധന വേളയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് റവന്യൂ വകുപ്പിനെ മാത്രം ചുമതലപ്പെടുത്തി ധാരണാ പത്രത്തിൽ ഒപ്പിടുവിക്കുകയും വനംവകുപ്പ് ആയതിൽ നിന്നും ഒഴിവാകുകയുമാണ് ഉണ്ടായിരിക്കുന്നത്. ധാരണാ പത്രത്തിൽ ഒപ്പിട്ടതിനു ശേഷം സ്ഥലത്ത് പരിശോധന നടത്താമെന്ന് വനം വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പു നൽകിയതിനാലാണ് ഒപ്പിടാനിടയായത് എന്ന് ബന്ധപ്പെട്ട ഡെപ്യൂട്ടി തഹസിൽദാർ അറിയിക്കുകയുണ്ടായി. താലൂക്ക് സർവെയർക്കും വനംവകുപ്പ് സർവെ ഉദ്യോഗസ്ഥർക്കും വനംവകുപ്പിലെ മറ്റ് ഉദ്യോഗസ്ഥന്മാർക്കും പ്രസ്തുത സ്ഥലത്തെക്കുറിച്ച് വ്യക്തമായ ധാരണ ഉള്ളതിനാലാണ് ആണ് സംയുക്ത പരിശോധന നടത്താതിരുന്നത് എന്ന് ഡെപ്യൂട്ടി തഹസിൽദാർ അറിയിച്ചു.

സംയുക്ത പരിശോധന നടത്തിയിരുന്നതും ടി സ്ഥലത്തെക്കുറിച്ച് വ്യക്തമായ ധാരണകളോടെ താലൂക്ക് സർവെയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മേൽ പറഞ്ഞ കാര്യങ്ങൾ റിപ്പോർട്ട് ചെയ്യാനിടയായത് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

തഹസിൽദാർ